പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തം കെട്ടിടം

174 (2043) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന്റെ നിലവിലുള്ള ശോചനീയാവസ്ഥ പരിഗണിച്ച് അടിയന്തരമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) അനുയോജ്യമായ സ്ഥലം പോലീസ് വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല. സ്വന്തമായി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

പി.പി. മനോജ് കൊലചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട കേസ്സ്

175 (2044) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ അഞ്ചാംപീടികയിൽ കോലത്തുവയലിൽ ശ്രീ. സോമന്റെ മകൻ പി. പി. മനോജ് കൊല ചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട് കേസ്സ് രജിസ്റ്റർ ചെയ്തത് ഏതു പോലീസ് സ്റ്റേഷനിലാണ് ;

(ബി) എന്നാണ് കേസ്സ് രജിസ്റ്റർ ചെയ്തതെന്ന് അറിയിക്കുമോ ;

(സി) കേസ്സന്വേഷണത്തെത്തുടർന്ന് എത്ര പേരെ പ്രതികളാക്കി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആരെല്ലാമാണ് പ്രതികളെന്നും പ്രതികളുടെ രാഷ്ട്രീയ ബന്ധം എന്താണെന്നും വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ ഏത് ഉദ്യോഗസ്ഥന്റെ ചുമതലയിലാണ് കേസ്സന്വേഷണം നടക്കുന്നതെന്ന് പറയുമോ ;

(ഇ) കേസ്സന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിവരിക്കുമോ ;

(എഫ്) കേസ്സിന്റെ ചാർജ് ഷീറ്റ് നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കണ്ണൂർ കണ്ണപുരം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 13/2011 u/s 143, 147, 148, 452, 324, 302 r/w 149 IPC & 3 & 5 of ES Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തു.

(ബി) 18-1-2011-ാം തീയതി.

(സി) ആകെ 8 പ്രതികളുള്ളതായി വെളിവായിട്ടുണ്ട്. ഇതിൽ 5 പേരെ തിരിച്ചറിഞ്ഞിട്ടുള്ളതും. 3 പ്രതികളെ ഇനിയും തിരിച്ചറിഞ്ഞിട്ടില്ലാത്തതുമാകുന്നു. തിരിച്ചറിഞ്ഞ 5 പ്രതികളുടെ പേരുവിവരം ചുവടെ പറയുന്നു :

(1) സുനിൽ @ പാമ്പ് സുനി,

(2) എം. സി. അരുൺ,

(3) പി. വി. ലിജേഷ്,

(4) ബിജു,

(5) പി. സി. ഗിരിധരൻ. തിരിച്ചറിഞ്ഞ 5 പ്രതികളും ബി.ജെ.പി.-യുടെ സജീവ പ്രവർത്തകരാണ്.

(ഡി) വളപട്ടണം സർക്കിൾ ഇൻസ്പെക്ടറുടെ ചുമതലയിൽ.

(ഇ)ടി കേസ് അന്വേഷണാവസ്ഥയിലാണ്.

(എഫ്) തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ലാത്ത 3 പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യേണ്ടതായിട്ടുണ്ട്. ആയതിനാൽ കാലതാമസം നേരിടുന്നു.

എം.ജി. കോളേജിൽ പോലീസിനെ ആക്രമിച്ച കേസ്

176 (2046) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം എം.ജി. കോളേജിൽ പോലീസിനെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് ആർ.എസ്.എസ്. പ്രവർത്തകർ പ്രതികളായ കേസുകൾ പിൻവലിക്കാൻ നിരാക്ഷേപ പത്രം നൽകിയിട്ടുണ്ടോ ;

(ബി) ആരുടെ അപേക്ഷ പ്രകാരമാണ് നിരാക്ഷേപ പത്രം നൽകിയതെന്ന് വെളിപ്പെടുത്താമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് പോലീസ് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 17-ാം പ്രതി ആദർശ്. റ്റി. ആർ. സമർപ്പിച്ച അപേക്ഷ പ്രകാരം.

(സി) പോലീസ് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.